LIBRARY ARCHIVES Kerala Legislative Assembly

യു.എ.ഇ.-യിൽ മാത്രമായി ജോലിചെയ്യുന്നുണ്ട്. അങ്ങനെ യു.എ.ഇ.-യിൽ മാത്രമായി ജോലിചെയ്യുന്ന അയ്യായിരത്തിൽ ഏറെ വരുന്ന പന്തളം നിവാസികളായിട്ടുള്ള ആളുകൾ രൂപീകരിച്ചിട്ടുള്ള പന്തളം പ്രവാസി മലയാളി അസോസിയേഷൻ ഇവിടെ പന്തളത്ത്, ഒരു വികസന പദ്ധതി നടപ്പിലാക്കാൻ ആഗ്രഹിക്കുന്നു. നേരത്തെ പന്തളം പഞ്ചായത്തിന്റെ കൈവശമുണ്ടായിരുന്നതും, റീ-സർവേ വന്നതിനുശേഷം റവന്യൂപുറമ്പോക്കായി മാറിയിട്ടുള്ളതുമായ പുഴിക്കാട് ചിറയെന്നുപറയുന്ന സ്ഥലം ലീസിന് ഗവൺമെന്റ് നൽകിയാൽ പ്രവാസി മലയാളി അസോസിയേഷന്റെ പത്തനംതിട്ടയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്രസ്റ്റിന്റെ നേതൃത്വത്തിൽ രണ്ടരക്കോടി രൂപയുടെ ഒരു ടൂറിസം റിസോർട്ട് പദ്ധതി, അവിടെ നടപ്പിലാക്കാൻ ആഗ്രഹിക്കുന്നു. അതിന്റെ ഭാരവാഹികൾ ഇവിടെ വന്ന് എന്റെകൂടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട റവന്യൂമന്ത്രിയെ കണ്ട് ഈ സ്ഥലം ലീസിന് നൽകുന്നതിനെ സംബന്ധിച്ച് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ സ്ഥലം ലീസിന് നൽകിയാൽ നമ്മളിവിടെ നേരത്തെ കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് വിദേശ മലയാളികൾ ആരംഭിക്കുന്ന ഏത് സംരംഭങ്ങൾക്കും ആവശ്യമായ സമയവും സൗകര്യവും നൽകുമെന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെത്തന്നെ രജിസ്റ്റർ ചെയ്തിട്ടുള്ള ട്രസ്റ്റിന്റെ പേരിൽ ലീസിന് സ്ഥലം നൽകി ഈ വ്യവസായ സംരംഭം ആരംഭിക്കാൻ നടപടി സ്വീകരിക്കണം, അതിന് മന്ത്രി തയ്യാറാകണം എന്നഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ഔപചാരികമായിട്ടുള്ള ഒരു അപേക്ഷ എനിക്ക് കിട്ടിയിട്ടില്ല, ഡിപ്പാർട്ടുമെന്റിൽ നിന്ന് എനിക്ക് കിട്ടിയ റിപ്പോർട്ട് അതാണ്. ഔപചാരികമായി ഗുണഭോക്താവിന്റെ ഒരു അപേക്ഷ കിട്ടുന്നുവെങ്കിൽ അത് പരിശോധിച്ചിട്ട് നിയമപ്രകാരം അനുവദിക്കാവുന്നതാണെങ്കിൽ അനുവദിച്ചുതരാം.

(3) മഞ്ചേരി ജില്ല, ആശുപത്രിയിലെ ഡോക്ടർമാരുടേയും പാരാ മെഡിക്കൽ ജീവനക്കാരുടേയും ഒഴിവുകൾ നികത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, മലപ്പുറം ജില്ലയിലെ പാവപ്പെട്ട ജനങ്ങളുടെ ഏക ആശ്രയമാണ് ജില്ല ആശുപത്രി. ജില്ല ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുകളും പാരാ മെഡിക്കൽ സ്റ്റാഫിന്റെ ഒഴിവുകളും നീകത്താത്തതുമൂലം ജനങ്ങൾ വളരെയധികം വിഷമത്തിലാണ്. നമ്മുടെ ടെക്നോളജിയുടെ വികസനത്തിന്റെ ഫലമായി കണ്ടുപിടിച്ച വെന്റിലേറ്ററും സ്കാനിംഗ് നടത്തുന്നതിന് ആവശ്യമായ മറ്റ് മെഷീനുകളും വളരെ പ്രയാസപ്പെട്ട് വാങ്ങിച്ചിട്ടുണ്ട്. എങ്കിലും അത് ഉപയോഗിക്കാൻ പാരാ മെഡിക്കൽ ജീവനക്കാരെ നിയമിച്ചിട്ടില്ല എന്ന് വളരെ ദു:ഖത്തോടുകൂടി ഞാൻ അറിയിക്കുകയാണ്. അവിടെനിന്ന് ആശുപത്രിയിലേക്ക് പോകണമെങ്കിൽ മെഡിക്കൽ കോളേജിലോ മറ്റോ പോകണം. വെന്റിലേറ്റർ ഉപയോഗിക്കാൻ സ്റ്റാഫിനെ ഇതുവരെ ഗവൺമെന്റ് നിയമിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അപേക്ഷിക്കുകയാണ്, ബഹുമാനപ്പെട്ട മന്ത്രി ഇവിടത്തെ ഡി.എച്ച്.എസ്.-നേയും ആശുപത്രി സൂപ്രണ്ടിനേയും വിളിച്ച് അങ്ങയുടെ ചേമ്പറിലിരുത്തിക്കൊണ്ട് മഞ്ചേരി ജില്ല ആശുപത്രിയുടെ പ്രശ്നങ്ങൾക്ക്

പരിഹാരം കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സർജൻ ഇല്ലാത്തതുകൊണ്ടും അനസ്തേസിസ്റ്റില്ലാത്തതുകൊണ്ടും അവിടെ യാതൊന്നും നടക്കുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം ഗൗരവമായിട്ടെടുക്കണം. പണക്കാർക്ക് പ്രൈവറ്റ് ആശുപത്രിയിലൊക്കെ പോകാം.

മി. ഡെപ്യൂട്ടി സ്പീക്കർ: Yes, Yes.....Please conclude.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: ഞാൻ ഒന്നു പറയട്ടെ സർ, പാവപ്പെട്ട ജനങ്ങളുടെ പ്രശ്നമാണ് പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് സബ്മിഷനാണ്, നിങ്ങൾക്കൊക്കെ അറിയാമല്ലോ.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: സർ, രാഷ്ട്രീയം പറയാൻ അങ്ങ് സമ്മതിച്ചു, പാവപ്പെട്ട ജനങ്ങൾക്ക് ഈ സർക്കാർ ആശുപത്രിയല്ലാതെ സ്വകാര്യ ആശുപത്രിയിൽ പോകാൻ യാതൊരു നിർവ്വാഹവുമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് പറയുന്നു അവിടെ സർജനേയും അനസ്തേസിസ്റ്റിനേയും നിയോഗിച്ചുകൊണ്ട് ആശുപത്രിയെ ഒന്ന് ജനങ്ങൾക്ക് ഉപകരിക്കത്തക്കവിധത്തിൽ ആക്കിത്തീർക്കാൻ അവിടത്തെ സൂപ്രണ്ടിനേയും ഡി.എച്ച്.എസ്.-നേയും വിളിച്ച് ചർച്ച നടത്തണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുന്നു.

ശ്രീ. കടവൂർ ശിവദാസൻ: ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ പൊതുവേ ഡോക്ടർമാരുടെ കുറവ് ഉണ്ട്. അതിന്റെ പ്രതിഫലനം ഉണ്ടെന്ന് മാത്രമേയുള്ളൂ. മഞ്ചേരി ജില്ലാശുപത്രിയിൽ അനുവദിച്ചിട്ടുള്ള 40 ഡോക്ടർമാരുടെ തസ്തികയിൽ 5 എണ്ണവും 101 സ്റ്റാഫ് നഴ്സുമാരുടെ തസ്തികയിൽ മൂന്ന് എണ്ണവും ഒഴിഞ്ഞുകിടക്കുകയാണ്. 25 ഹെഡ് നഴ്സുമാരുടെ തസ്തികകളിൽ ഇരുപത്തിയഞ്ചിലും ജീവനക്കാരുണ്ട്. പാരാ മൊഡിക്കൽ സ്റ്റാഫിലുള്ള ഒഴിവുകൾ നികത്താൻ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. 50 കിടക്കകളാണ് അനുവദിച്ചിട്ടുള്ളത്. അറുന്നൂറിൽപ്പരം രോഗികളെ കിടത്തി ചികിൽസിക്കുന്നുണ്ട്. ഒ. പി. വിഭാഗവും കാഷ്വാലിറ്റിയും പ്രവർത്തിക്കുന്നുണ്ട്. എക്സ്-റേ, ലബോറട്ടറി, മോർച്ചറി എന്നീ സൗകര്യങ്ങളും അവിടെയുണ്ട്. പ്രാദേശികമായ പ്രത്യേകത കണക്കിലെടുത്ത് ആശുപത്രിക്ക് വേണ്ടതായ സൗകര്യം ലഭ്യമാക്കി പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യം ലഭ്യമാക്കാൻ ശ്രമിച്ചുവരികയാണ്. മോഡണൈസിംങ് ഗവൺമെന്റ് പ്രോഗ്രാമിൽ മലപ്പുറം ജില്ലയെ ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ട് മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങൾ അവിടെയുണ്ടാക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ പ്രത്യേകമായി ശ്രദ്ധിച്ചു വേണ്ടത് ചെയ്യുന്നതാണ്.

(4) ഡോക്ടർമാർ, ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ. എന്നിവരുടെ തസ്തികകളിൽ നിയമനം

ശ്രീ. വി. കെ. ചന്ദ്രൻ: സംസ്ഥാനത്തെ വിവിധ മേഖലകളിൽ നിയന്ത്രണ വിധേയ മായിരുന്ന പല മാരക രോഗങ്ങളും ഇപ്പോൾ തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. മലമ്പനി, ഡെങ്കിപ്പനി, കോളറ തുടങ്ങിയ രോഗങ്ങൾ സംസ്ഥാന വ്യാപകമായി പടർന്നുപിടിക്കുകയാണ്. സംസ്ഥാനത്തിന്റെ വിവിധ ആശുപത്രികളിൽ പതിനായിരക്കണക്കിന് ആളുകൾ ചികിൽസ തേടി എത്തുകയാണ്. അതിൽ പല ആളുകളും മരിച്ചുപോയി. ആശുപത്രിയിൽ വന്നാൽ അവരെ ശുശ്രൂഷിക്കാനും ഈ

LIBRARY ARCHIVES Kerala Legislative Assembly